# പുത്തൻശൈലികൾ

സഞ്ജയൻ



പുത്തൻശൈലികൾ
സഞ്ജയൻ
(മലയാളം: ലേഖനം)

© 2021, Sanjayan.
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Conversation outside a Castle, a painting by Dirk van Delen (1605–1671). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പുത്തൻശൈലികൾ

കൂട്ടരേ, നിങ്ങളാരെങ്കിലും ഒരു വിവരമറിഞ്ഞുവോ? ഈയിടെയായി നമ്മുടെ മലയാളഗദ്യത്തിൽ ഒരു പുതിയ ശൈലി കടന്നുകൂടീട്ടുണ്ട്. ഈ ശൈലിയിൽ രണ്ടാളുകൾ എഴുതിയ രണ്ടു പുസ്തകങ്ങൾ വായിക്കുവാനുള്ള മഹാഭാഗ്യം എനിയ്ക്കുണ്ടായി. പുസ്തകങ്ങളുടെ പേരു പറഞ്ഞിട്ടാവശ്യമില്ല; ഗ്രന്ഥകർത്താക്കളുടെ പേര് ഞാൻ പോലീസ് സ്റ്റേഷനിൽ വെച്ചുകൂടി പറയുകയില്ല. അവിടെ വെച്ചു പറയാത്ത കാര്യമില്ലെന്നാണ് പൊതുജനാഭിപ്രായം. ഹേഡിന്റെ കണ്ണു കാണുമ്പോൾ ചെയ്യാത്ത കുറ്റംകൂടി സമ്മതിച്ച്, സന്തോഷസമേതം ജയിലിൽ പോകാമെന്നു തോന്നിപ്പോകുമത്രേ.

* * *

അതിരിക്കട്ടെ, പുതിയ ശൈലിയെക്കുറിച്ചാണല്ലോ നമ്മൾ പറയുന്നത്. പ്രസ്തുതശൈലിക്കു ചില വിശേഷങ്ങളൊക്കെയുണ്ട്. അത് ചിലർക്കു പിടിക്കും, ചിലർക്കു പിടിക്കില്ല. അതു പഞ്ചസാരയാണെന്നു പറയുന്നവരുണ്ടെങ്കിൽ, അതിനെ കാഞ്ഞിരക്കായായി കരുതുന്നവരുമുണ്ട്. കവികൾക്കുമാത്രമേ അതെഴുതിക്കൂടു; പണ്ഡിതന്മാർക്കുമാത്രമേ അതു മനസ്സിലാവുകയുള്ളു. ഗദ്യം പോലെയാണ് അതെഴുതപ്പെടുന്നതെങ്കിലും പദ്യം പോലെയാണ് അതിന്റെ സ്വഭാവം. അതിൽ ഉപമയും ഉൽപ്രേക്ഷയും അത്രയുണ്ടായിരിക്കും. അതു മുഴുവൻ വിരാമചിഹ്നമയമാണ്. ഓരോ വാക്കുമാത്രം അടങ്ങിയ വാചകങ്ങൾ, തീവണ്ടിയുടെ എഞ്ചിൻ തനിച്ചു പോകുന്നതുപോലെ, അതിൽക്കൂടി പോകുന്നതു കാണാം. ചില വാചകങ്ങൾ, ശ്രീരാമൻകാച്ചിക്കളഞ്ഞ സിദ്ധസമാജസന്ന്യാസിയെപ്പോലെ, തലകീഴായി തൂങ്ങിനില്ക്കുന്നതു കാണാം, ചില ചില്ലറക്കവികളുടെ പ്രസംഗങ്ങളിലും, ചില പത്രങ്ങളിലെ ലേഖന—(പണ്ഡിതന്മാരുടെ നെറ്റിചുളി കണ്ടിട്ട്) ലേഖനങ്ങളിലും ഈ ശൈലി പ്രത്യക്ഷപ്പെടാറുണ്ട്.

സഞ്ജയന്ന് ഈ ഗദ്യം കണ്ടിട്ട് അതിനോട് ഒരു പ്രേമം വന്നുപോയി. അതിന്റെ മാധുര്യം അത്രയുണ്ട്. മൂന്ന് ദിവസം രാത്രി ഉറക്കൊഴിഞ്ഞു ശ്രമിച്ചതിന്റെ ഫലമായി ഈ പുതിയ രീതിയിൽ സഞ്ജയൻ കുറെ ഉപന്യാസങ്ങൾ എഴുതിയിട്ടുണ്ട്. ഈ വഴിയിൽ വളരെ കടന്നുപോയിട്ടുള്ള ഗുരുക്കന്മാരുടെ "ലെവൽ" എത്തീട്ടില്ലെങ്കിലും, അതിന്റെ ഒരു "പോക്ക്" കാണിക്കുവാൻമാത്രമൊക്കെ സാദൃശ്യം ഇവയ്ക്കുണ്ടെന്ന്, അവതാരിക എഴുതിത്തരാൻ വിചാരിക്കുന്ന ആളോട്, വിട്ടുപോകാതെ എഴുതുവാൻ ഗ്രന്ഥകർത്താവ് പ്രൈവറ്റായി അപേക്ഷിക്കുന്നു.

* * *

ഒന്നാമത്തെ ഉപന്യാസം ദൈവത്തെക്കുറിച്ചാണ്. ഇങ്ങനെ തുടങ്ങുന്നു:—

"ദൈവം. സച്ചിദാനന്ദസ്വരൂപം. അഖണ്ഡം. അനന്തം. ശിവോഹം. സ്വസ്ത്യസ്തു. ചതുകുപ്പ.

മനുഷ്യൻ ഒന്നിനെ—ഒരാളെ—ആരാധിയ്ക്കുന്നുണ്ട്. ആരെ? ദൈവത്തിനെ. എന്തിന്? അവർക്കു വേറെ പണിയൊന്നുമില്ലാഞ്ഞിട്ട്.

കുട്ടിച്ചാത്തൻ, ഗുളികൻ, കണ്ടൂർക്കോട്ട് വാണവൻ, മുനിസിപ്പാൽ കമ്മീഷണർ, ഭൈരവൻ—ഇവരും ദൈവങ്ങൾതന്നെ. പക്ഷേ, അവരും ദൈവവും!!—നക്ഷത്രങ്ങളും ചന്ദ്രനും—കൗൺസിലർമാരും ചെയർമാനും—നീരീശ്വരന്മാരും സർദാർ—(വേണ്ട; ഞാൻ പറയുന്നില്ല; അല്ലെങ്കിൽത്തന്നെ അദ്ദേഹം സഞ്ജയന്റെ നേരെ കാരണമില്ലാതെ പരിഭവിച്ചിരിയ്ക്കുന്നു.)

ദൈവം ഭക്തിവീചിയുടെ സമുദ്രമാണ്. മോക്ഷാഗ്നിയുടെ പുകയാണ്, ഉപനിഷൽപ്പാലിലെ വെണ്ണയാണ്. വേദാന്തമദ്യത്തിന്റെ ലഹരിയാണ്, ജെംബിസ്കറ്റാണ്, മരമുരിങ്ങയാണ്, കുതിരവട്ടമാണ്.

* * *

ഇതിനെപ്പറ്റി നിങ്ങൾ എന്തു വിചാരിയ്ക്കുന്നു? ഇതിന്റെ ഗുണഗണങ്ങൾ നിങ്ങൾ മനസ്സിരുത്തി 'നോട്ടു' ചെയ്യണം. ചില വാചകങ്ങൾ, ഒരൊറ്റ വാക്കോടുകൂടി, കതിനവെടിപോലെ, ഗംഭീരമായി മുഴങ്ങി അവസാനിക്കുന്നതു കണ്ടുവോ? മറ്റു ചിലത്, കോഴപ്പടക്കംപോലെ, അർദ്ധവിരാമങ്ങളോടുകൂടി പൊട്ടിത്തെറിയ്ക്കുന്നത് കേട്ടുവോ? ഇതിലെ ഉപമകൾ ഒരു മഹാകവിക്കല്ലാതെ എഴുതുവാൻ കഴിയുമോ? ഇവിടെ ഗദ്യമെഴുതീട്ടാണ് മഹാകവിയെന്ന സ്ഥാനം സമ്പാദിയ്ക്കാൻ പോകുന്നത്. സൂക്ഷിച്ചോളിൻ!

* * *

എനിയൊരുപന്യാസമുണ്ട്, കവിതയെപ്പറ്റി, അതും ഒരുവിധം പാസ്സാക്കാവുന്നതാണ്.

"ഒരു പൊൻവീണയുണ്ട്. ഒരു സ്വാതന്ത്ര്യമുരളിയുണ്ട്. ഒരു ഡബ്ൾറീഡ് ഹാർമ്മോണിയമുണ്ട്. ഒരു പോലീസ്സ് വിസിലുണ്ട്. എന്താണത്? കവിത. ആരു പറയുന്നു? ഞാൻ.

അതിൽക്കൂടി നിർഗ്ഗളിക്കുന്നതോ? സ്വാതന്ത്ര്യമധു, ആനന്ദധാര, സമത്വം, സൗഭ്രാത്രം, സോഡ, ലെമനെഡ്, അമരകോശം, പഞ്ചതന്ത്രം, ബോബിലിപുരാണം.

ഇതൊന്നാണ് ഭൂമിയെ സ്വർഗ്ഗമാക്കുന്നത്. ഇത് വടക്കുംകൂർ രാജരാജവർമ്മ രാജാവിന്നില്ലാത്തതും, ഉള്ളൂരിന്ന് ഉള്ളതുമാകുന്നു. ഇതില്ലെങ്കിൽ നക്ഷത്രം പ്രകാശിയ്ക്കുകയില്ല: ഇലക്ട്രിക്ക് ലൈററ് കത്തുകയില്ല; മോട്ടോർകാർ സ്റ്റാർട്ടാവുകയില്ല; ഞാനെഴുതുകയില്ല. പത്രാധിപർ സ്വീകരിയ്ക്കുകയില്ല; നിങ്ങൾ വായിയ്ക്കുകയില്ല.

കവിത! ഹാ! ഹ്ഹ! കവിത!"

* * *

കവിതയെപ്പറ്റി ഒന്നാന്തരമൊരറിവ് വായനക്കാർക്ക് ഇതിൽനിന്നു കിട്ടിയല്ലോ. അതാണ് ഈ ശൈലിയുടെ ഒരു ഗുണം. വായിച്ചാൽ പിന്നെ ആ വിഷയത്തെക്കുറിച്ച് ആർക്കും ഒരു സംശയവും ഉണ്ടാവുകയില്ല. മായാത്ത ചിത്രങ്ങളുംകൊണ്ട് പുലിവാലു പിടിച്ചു കിടക്കുന്ന നിങ്ങളുടെ സാഹിത്യദാസനോട് സമയമുള്ളപ്പോൾ ഇതൊക്കെ ഒന്നു വായിച്ചുനോക്കി ഒരു "അപ്രീസേഷ്യൻ" എഴുതുവാൻ പറയണം.

* * *

എനി ഞാൻ ഒരുദാഹരണം കൊടുക്കുന്നത് തലകീഴായ് നിൽക്കുന്ന രീതിക്കാണ്. ഈ രോഗം അധികവും പ്രാസംഗികന്മാരെയാണ് ബാധിച്ചുകാണുന്നത്; ചിലപ്പോൾ ഇത് സമയംപോരാത്ത ചില പത്രലേഖകന്മാർക്കും പിടിച്ചുകാണാറുണ്ട്. ഇത് ഒരുതരം വാതഗോഷ്ടിയാണെന്ന് പറയുന്നവരുണ്ട്. കാടാച്ചിറ കണ്ണൻ വൈദ്യരവർകളുടെ അഭിപ്രായം അറിഞ്ഞിട്ടില്ല. ചോദിക്കണം. ഈ ശൈലിയിലും ഞാൻ ചിലതെഴുതീട്ടുണ്ട്. ഇപ്പോഴത്തെ തിരഞ്ഞെടുപ്പുകളെപ്പറ്റി ഒരു വോട്ടു പിടിയന്റെ വോട്ടർമാരോടുള്ള പ്രസംഗമാണ് താഴെ ചേർക്കുന്നത്.

* * *

മഹിതകളെ, മഹാന്മാരേ,

എനിക്കറിയാം, നിങ്ങളിൽ അധികംപേരും ഇവിടെ വന്നു നിൽക്കുന്നത് നിങ്ങൾക്കു മറ്റു യാതൊന്നും ചെയ്യുവാനില്ലാത്തതുകൊണ്ടാണെന്ന്. അത് കേട്ട് മുഷിയരുത് നിങ്ങൾ. ആർക്കെങ്കിലും കൊടുക്കാം വോട്ട്. ആലോചിച്ചുവേണം പക്ഷേ, ഉപയോഗിക്കുവാൻ ആ അധികാരം. ഞാൻ പറയുന്നു, നിങ്ങൾ വോട്ടു രാജശ്രീപാതാളരാജാവിന്നു കൊടുക്കണമെന്ന്. അതാണ് ഒരു മാർഗ്ഗം, നന്മയുള്ള. പറയാമോ എന്നോട് ധൈര്യസമേതം നിങ്ങൾ അങ്ങനെ ചെയ്യുമെന്ന്?"

* * *

ഇത് മതി. തളർച്ച വരുന്നു. ഈ പുതിയ സർക്കസ്സിന്റെ ഉദ്ദേശ്യം ഫോഴ്സ് (ശക്തി, ബലം, ഊക്ക്, കരുത്ത്) ആണ്. "ഞാൻ യാതൊരു സംശയവുമില്ലാതെ എഴുതും" എന്ന് പഴയ സമ്പ്രദായം; "എഴുതും ഞാനില്ലാതെ യാതൊരു സംശയം." എന്ന് പുതിയ രീതി വാസ്തവത്തിൽ, നിർമ്മത്സരമായി ആലോചിയ്ക്കുകയാണെങ്കിൽ, രണ്ടാമത്തേതിന് ആദ്യത്തേതിനേക്കാൾ കുറച്ചൊരു ബലം ജാസ്തിയില്ലേ? ഈ കാരണം കൊണ്ടാണ് നമ്മുടെ പ്രാസംഗികന്മാർ ഈ രീതിയെ അവലംബിച്ചിരിക്കുന്നത്. മലയാളഭാഷ യൂനിവർസിറ്റിയുടെ രക്ഷണത്തിൻ കീഴിൽ, നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുവരുന്നുണ്ടെന്നതിന്ന് ഇതിലധികം എന്തൊരു "എവിഡൻസാ"ണ് നിങ്ങൾക്ക് വേണ്ടത്? ഈ ശൈലിയിൽ ചില പണ്ഡിതന്മാർ വിദ്യാർത്ഥികൾക്ക് ഡിക്റ്റേറ്റു ചെയ്തു കൊടുത്ത നോട്ടുകൾ ഞാൻ കണ്ടിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലം യാതൊന്നുമറിയാതെ—ആ പച്ചപ്പാവങ്ങൾ—നമ്മുടെ വിദ്യാർത്ഥികൾ—(എന്താണ് നിങ്ങൾക്കൊരു ചിരി?—അതൊക്കെ പഠിച്ചു വശമാക്കും. ക്രമേണ അവർ വീടുകളിലും ഈ സംഭാഷണരീതി പ്രചരിപ്പിക്കും.

* * *

അപ്പോഴാണ് രസം. പിന്നെ കേൾക്കാം ചില സംഭാഷണങ്ങളിങ്ങനെ. "മകനേ, വരാൻ സ്കൂളിൽ നിന്ന് താമസിച്ചതിന്ന് ഇത്രയധികം കാരണമെന്ത് നീ?" "അച്ഛാ, ഭാഷയിൽ മറുപടി ഞാൻ പറഞ്ഞാൽ മനസ്സിലാക്കും എങ്ങിനെ നിങ്ങൾ?" ഇതൊക്കെ അന്വയിച്ച് അർത്ഥം കണ്ടുപിടിക്കുമ്പോഴേയ്ക്ക് മകന്ന് കിട്ടേണ്ടത് കിട്ടിക്കഴിഞ്ഞിട്ടുണ്ടായിരിക്കും.

31-10-'34

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുതുപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.